**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2933** **25-06-2024 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ വന്യമൃഗ പ്രതിരോധ സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിൽ വന്യമൃഗ ശല്യത്തിന് പരിഹാരം കാണുന്നതിനായി വനമേഖലയുമായി അതിർത്തി പങ്കിടുന്ന ജനവാസകേന്ദ്രങ്ങളിൽ സമ്പൂർണ്ണ വന്യമൃഗ പ്രതിരോധ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനായി വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ? | (എ) | പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന എരുമേലി, മുണ്ടക്കയം, കോരുത്തോട് എന്നീ പഞ്ചായത്തുകളുടെ വനാതിർത്തി പങ്കിടുന്ന മേഖലകളിലെ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി സൗരോർജ്ജ വേലികൾ, ട്രഞ്ചുകൾ എന്നിവ നിർമ്മിച്ച് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകി വരുന്നുണ്ട്. ഈ പ്രദേശങ്ങളിൽ ജനവാസമേഖലയിൽ ഇറങ്ങുന്ന വന്യമൃഗങ്ങളെ സുരക്ഷിതമായി കാട്ടിലേക്ക് തിരികേ അയയ്ക്കുന്നതിന് വനം വകുപ്പ് ഉദ്യോഗസ്ഥരും തദ്ദേശീയരും ഉൾപ്പെടെ നിരന്തരം ജാഗരൂകരായിട്ടുള്ള ടീമിനെ രൂപീകരിച്ചിട്ടുണ്ട്.<br><br>കോട്ടയം ഡിവിഷനിൽ പീരുമേട്-കോരുത്തോട് ഭാഗം മനുഷ്യ-വന്യമൃഗ സംഘർഷവുമായി ബന്ധപ്പെട്ട ഹോട്-സ്പോട്ട് ആയി നിർണ്ണയിക്കുകയും ടി സ്ഥലത്ത് വനം വകുപ്പിലെ വിവിധ വിഭാഗങ്ങളിൽ നിന്നും സ്റ്റാഫിനെ വിന്യസിച്ച് പ്രത്യേക ടീം രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. ജനവാസമേഖലകളിലിറങ്ങി പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന കാട്ടുപന്നികളെ ചട്ടപ്രകാരം കൊന്നു ഇല്ലായ്മ ചെയ്യുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും അധികാരം നൽകിയിട്ടുള്ളതാണ്. ടി അധികാരത്തിന്റെ സമയപരിധി 28-05-2024 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.<br><br>പൂഞ്ഞാർ മണ്ഡലത്തിലെ മനുഷ്യ-വന്യമൃഗ സംഘർഷത്തിന് പരിഹാരം കാണുന്നതിനായി എരുമേലി റെയിഞ്ചിലെ വണ്ടൻപതാൽ ആസ്ഥാനമായി 31-05-2024 ലെ സർക്കാർ ഉത്തരവ് (കൈ) നം. 23/2024 പ്രകാരം ഒരു ആർ.ആർ.ടി. രൂപീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ പീരുമേട് മേഖലയിൽ |

പ്രവർത്തിച്ചുവരുന്ന ആർ.ആർ.ടി.യുടെ സേവനം പ്രത്യേകമായി ഉപയോഗപ്പെടുത്തിവരുന്നു.

ചീനിമരം മുതൽ പായസപ്പടിവരെ 1.5 കി.മീ., എലിവാലിക്കര മുതൽ ശാന്തിപുരം വരെ 1.5 കി.മീ., 504 നഗർ മുതൽ മുന്നോളി എസ്റ്റേറ്റ് വരെ 1.5 കി.മീ., കീരിത്തോട് മുതൽ ചീനിമരം വരെ 2.5 കി.മീ., ശാന്തിപുരം മുതൽ കൊപ്പം വരെ 1.5 കി.മീ., കോയിക്കക്കാവ് ടോപ് മുതൽ കൊപ്പം വരെ 1.5 കി.മീ., പായസപ്പടി മുതൽ എലിവാലിക്കര വരെ 1.5 കി.മീ. എന്നിങ്ങനെ ആകെ 11.50 കി.മീ. ദൂരത്തിൽ സൗരോർജ്ജ വേലികൾ അറ്റകുറ്റപണികൾ ചെയ്തു പ്രവർത്തനക്ഷമത ഉറപ്പുവരുത്തിയിട്ടുണ്ട്. മാമ്പാടി മുതൽ പാക്കാനം വരെ 1.1 കി.മീ. ദൂരത്തിൽ സൗരോർജ്ജ വേലിയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.
2023-24 വർഷത്തിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി എരുമേലി റെയിഞ്ചിൽ അഴുതക്കടവ് കാളകെട്ടി മുതൽ 116 വരെ 5 കി.മീ. ദൂരത്തിലും കണ്ടക്കയം മുതൽ മതമ്പ ഏരിയാ വരെ 16 കി.മീ. ദൂരത്തിലും (ആകെ 21 കി.മീ.) സൗരോർജ്ജ തൂക്കുവേലികൾ നിർമ്മിക്കുന്നതിനും കണ്ണാട്ടുകവല മുതൽ പന്നിവെട്ടുംപാറ ഭാഗത്ത് 0.5 കി.മീ., കോരുത്തോട് കൊമ്പുകുത്തി ട്രൈബൽ സെറ്റിൽമെന്റ് ഭാഗത്ത് ഒരു കിലോമീറ്റർ, മഞ്ഞളരുവി കുളമാക്കൽ ഭാഗത്ത് 0.3 കി.മീ., എന്നിവയുൾപ്പെടെ 1.8 കി.മീ. ദൂരത്തിൽ ആനപ്രതിരോധ കിടങ്ങും നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. ടി പ്രവൃത്തികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

RKVY പദ്ധതിയിൽ എരുമേലി റെയിഞ്ചിൽ മഞ്ഞളരുവി മുതൽ മമ്പാടി വരെ 6 കി.മീ. ദൂരത്തിലും, കോയിക്കക്കാവ്-പായസപ്പടി 9.25 കി.മീ. ദൂരത്തിലും, മഞ്ഞളരുവി-പാക്കാനം വരെ 3.7 കി.മീ. ദൂരത്തിലും (ആകെ 18.95 കി.മീ.) സൗരോർജ്ജ തൂക്കുവേലിയും മമ്പാടി-പാക്കാനം ഭാഗത്ത് 1.5 കി.മീ. ദൂരത്തിൽ ആനപ്രതിരോധ കിടങ്ങും നിർമ്മിക്കുന്നതിന് അനുമതി ലഭ്യമായതിൽ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

പെരിയാർ വെസ്റ്റ് ഡിവിഷൻ പരിധിയിൽ വരുന്ന ജനവാസമേഖലകൾക്ക് ചുറ്റും 21.68 കി.മീ. ദൂരത്തിൽ സോളാർ വേലിയും 3.1 കി.മീ. ദൂരത്തിൽ ട്രഞ്ചും സ്ഥാപിച്ചിട്ടുണ്ട്. സൗരോർജ്ജ വേലികൾ എല്ലാം തന്നെ പ്രവർത്തനക്ഷമവും വർഷം മുഴുവൻ ഇ.ഡി.സി. അംഗങ്ങളായ ലൈൻമാന്മാരുടെ സേവനം പ്രയോജനപ്പെടുത്തി പരിരക്ഷ ഏർപ്പെടുത്തി വരുന്നവയുമാണ്.

| | | | |
|---|---|---|---|
| | | | തദ്ദേശവാസികളെ പങ്കെടുപ്പിച്ച് ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുള്ളതും യോഗങ്ങൾ നിശ്ചിത സമയക്രമങ്ങളിൽ ചേർന്ന് പ്രവർത്തനം വിലയിരുത്തുന്നതുമാണ്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സൗരോർജ്ജ വേലികളുടെ സമീപത്തുള്ള അടിക്കാടുകൾ തെളിക്കുന്ന ജോലികൾ മുൻപിനാലെ മനുഷ്യ-വന്യമൃഗ സംഘർഷമുള്ള ചില മേഖലകളിൽ നടത്തിയിട്ടുള്ളതും ഗ്രാമപഞ്ചായത്ത് അധികൃതരുമായി കൂടിയാലോചിച്ച് അത്തരം പ്രവർത്തനങ്ങൾ തുടരുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.<br>മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് കണ്ണിമല, കോരുത്തോട് പ്രദേശങ്ങളിൽ പൊതുജനപങ്കാളിത്തത്തോടെ വാർഡുതലസമിതികൾ രൂപീകരിച്ചിട്ടുണ്ട്. നിലവിലെ സൗരോർജ്ജ വേലികളുടെ നിർമ്മാണവും പരിപാലനവും ടി സമിതികളുടെ കൂടെ മേൽനോട്ടത്തിലാണ് നടന്നു വരുന്നത്.<br>പ്രസ്തുത മേഖലയിൽ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് സാദ്ധ്യമായ എല്ലാ ഇടപെടലുകളും ജനപ്രതിനിധികളോടും പൊതുജനപങ്കാളിത്തത്തോടെയും നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ